പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1218 15-10-2026-ൽ മറുപടിയ്ക്ക്

സ്കൂൾ വിദ്യാർത്ഥികൾക്കായി കൗൺസിലിംഗ്

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. സജീവ് ജോസഫ്

ശ്രീ. റോയി. കെ. പൗലോസ്

ശ്രീ. പഴകുളം മധു

ശ്രീ. റോണി. കെ. ബേബി

മറുപടി നൽകിയ മന്ത്രി

ശ്രീ. എൻ. ഷംസുദ്ദീൻ
(പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി)

(എ) സ്കൂൾ വിദ്യാർത്ഥികളുടെ മാനസിക സമ്മർദ്ദം, പഠനപ്രശ്നങ്ങൾ തുടങ്ങിയവ പരിഹരിക്കുന്നതിനായി കൗൺസിലിംഗ് സംവിധാനം എല്ലാ സ്കൂളുകളിലും നിലവിലുണ്ടോ; സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ കൗൺസിലർമാരെ നിയമിക്കുന്നത് എങ്ങനെയാണെന്ന് വ്യക്തമാക്കാമോ;

മറുപടി: സ്കൂൾ വിദ്യാർത്ഥികളുടെ മാനസിക സമ്മർദം, പഠനപ്രശ്നങ്ങൾ തുടങ്ങിയവ പരിഹരിക്കുന്നതിനായി കൗൺസിലിങ് സംവിധാനം സർക്കാർ /എയ്ഡഡ് ഹൈസ്കൂൾ, ഹയർ സെക്കന്ററി സ്കൂളുകളിൽ നിലവിലുണ്ട്. സംസ്ഥാനത്ത് 1680 ഗവൺമെന്റ് /എയ്ഡഡ് ഹയർസെക്കൻഡറി സ്കൂളുകളിലും വിദ്യാർത്ഥികളുടെ മാനസികവും ശാരീരികവുമായ ആരോഗ്യവും വ്യക്തി വികസനവും ലക്ഷ്യമിട്ട് **സൗഹൃദ ക്ലബ്ബുകൾ** പ്രവർത്തിച്ചുവരുന്നു. സൗഹൃദ കോ-ഓർഡിനേറ്ററുടെ നേതൃത്വത്തിലാണ് സൗഹൃദ ക്ലബ്ബിന്റെ പ്രവർത്തനം നടത്തിവരുന്നത്. സ്കൂളുകളിലെ ഒരു അദ്ധ്യാപകന് / അദ്ധ്യാപികയ്ക്ക് പ്രാഥമികമായി 3 ദിവസത്തെ റസിഡൻഷ്യൽ പരിശീലനം (Introductory Training) നൽകിയാണ് സൗഹൃദ കോ- ഓർഡിനേറ്ററുടെ ചുമതല നൽകുന്നത്. മാനസിക സമ്മർദ്ദങ്ങൾ ഉൾപ്പെടെ അനുഭവിക്കുന്ന വിദ്യാർത്ഥികളെ കണ്ടെത്താനും അവർക്കാവശ്യമായ സൈക്കോസോഷ്യൽ സപ്പോർട്ട് ഉറപ്പ് വരുത്തുന്നതിനും പ്രാഥമിക കൗൺസലിംഗ് നൽകുന്നതിനും ആവശ്യമായ പരിശീലനം സൗഹൃദ കോ- ഓർഡിനേറ്റർമാർക്ക് നൽകിയിട്ടുണ്ട്. സ്കൂൾ കൗൺസിലർമാരെ നിയമിക്കുന്നത് സാമൂഹ്യക്ഷേമ വകുപ്പ് മുഖേനയാണ്. എല്ലാ വൊക്കേഷനൽ ഹയർ സെക്കന്ററി സ്കൂളുകളിലും കരിയർ ഗൈഡൻസ് ആൻഡ് അഡോളസെന്റ് കൗൺസിലിങ്ങിന്റെ ചുമതലയുള്ള ഒരു അധ്യാപികയുണ്ടാകും. കൂടാതെ ഒരു സൗഹൃദ ക്ലബ് കോ-ഓർഡിനേറ്ററും സ്കൂളുകളിൽ നിലവിലുണ്ട്.

(ബി) സംസ്ഥാനത്ത് കഴിഞ്ഞ അഞ്ച് വർഷത്തിനിടെ എത്ര സ്കൂൾ വിദ്യാർത്ഥികളാണ് ആത്മഹത്യ ചെയ്തിട്ടുള്ളതെന്ന് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാണോ;

മറുപടി: വിവരം ശേഖരിച്ച വരുന്നു.

(സി) വിദ്യാർത്ഥികൾക്കിടയിലെ ആത്മഹത്യകൾ തടയുന്നതിനായി വകുപ്പ് പ്രത്യേക പദ്ധതി നടപ്പാക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

മറുപടി: 2025-26 വർഷം മുതൽ "പവർ ബ്രിഗേഡ്" എന്ന പേരിൽ 5 ദളങ്ങളിലായി വിദ്യാർത്ഥികളുടെ ഒരു കൂട്ടായ്മ പരീക്ഷണാടിസ്ഥാനത്തിൽ സംസ്ഥാനത്തെ തിരഞ്ഞെടുത്ത 140 സ്കൂളുകളിൽ ആരംഭിച്ചിട്ടുണ്ട്. പവർ ബ്രിഗേഡിന്റെ പ്രധാന ലക്ഷ്യം വിദ്യാർത്ഥികളുടെ ഇടയിൽ പ്രവർത്തിക്കാൻ അവരിൽ നിന്നുതന്നെ ഒരു ടീമിനെ സജ്ജമാക്കി ശാക്തീകരിച്ച വിദ്യാർത്ഥികൾ തന്നെ പദ്ധതി നടപ്പിലാക്കുകയും അത് വിലയിരുത്തുകയും ചെയ്യുക എന്നതാണ്. പ്രസ്തുത പദ്ധതിയിലെ "മെന്ററിംഗ് ദളം" മുഖേന Peer Counselling നടത്താനുള്ള പരിശീലനം മേൽ വിദ്യാർത്ഥികൾക്ക് നൽകിയിട്ടുണ്ട്.

ആത്മഹത്യ തടയുകയും മാനസികാരോഗ്യം വളർത്തുകയും ചെയ്യുന്നതിനായി "Know Thyself" എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. മാനസികാരോഗ്യ വിദഗ്ധരുടെ സഹായത്തോടെ എല്ലാ സ്കൂളുകളിലും ഈ പദ്ധതി നടപ്പിലാക്കുന്നു. ആത്മഹത്യ തടയുന്നതുമായി ബന്ധപ്പെട്ട് സൗഹൃദ കോ-ഓർഡിനേറ്റർമാർക്ക് പ്രത്യേക പരിശീലനം നൽകാറുണ്ട്.

വിദ്യാർത്ഥികളുടെ മാനസിക സമ്മർദ്ദം, പഠനപ്രശ്നങ്ങൾ എന്നിവ പരിഹരിക്കുന്നതിനും ആത്മഹത്യാ പ്രവണത, അക്രമവാസന തുടങ്ങിയവ തടയുന്നതിനും സമഗ്രശിക്ഷാ കേരളത്തിന്റെ നേതൃത്വത്തിൽ 'കരുതൽ' എന്ന സവിശേഷ പരിപാടി ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതാണ്. ഈ പരിപാടിയുടെ ആശയരൂപീകരണവും മൊഡ്യൂൾ, ചട്ടക്കൂട് എന്നിവ പൂർത്തിയായിട്ടുണ്ട്.

(ഡി) പരീക്ഷാ പേടിയും മാനസിക സമ്മർദ്ദവും കുറയ്ക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ?

മറുപടി: എല്ലാ സ്കൂളുകളിലും സൗഹൃദ കോ-ഓർഡിനേറ്റർമാരുടെ മൊബൈൽ നമ്പർ പ്രദർശിപ്പിക്കുകയും സഹായം ആവശ്യമായ വിദ്യാർത്ഥികൾക്ക് സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പരീക്ഷാ കാലയളവിൽ രാവിലെ 7 മുതൽ രാത്രി 7 വരെ "We Help" എന്ന പേരിൽ ഒരു ടെലി കൗൺസലിംഗ് സംവിധാനം ഹയർ സെക്കന്ററി ഡയറക്ടറേറ്റിൽ പരിശീലനം ലഭിച്ച കൗൺസിലർമാരുടെ സഹായത്തോടെ ഒരുക്കാറുണ്ട്.

സെക്ഷൻ ഓഫീസർ